സ്പോർട്സ് 2/67647/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി : 16/09/2017

## സർക്കുലർ

വിഷയം : പൊ.വി- സ്പോർട്സ്- കൊച്ചിയിൽ നടക്കുന്ന ഫിഫ അണ്ടർ 17 ലോകകപ്പ് 2017 ന്റെ പ്രചാരണം - സംബന്ധിച്ച്

സൂചന : നോഡൽ ഓഫീസറുടെ 7/9/17 ലെ കത്ത്.

ഫിഫ അണ്ടർ 17 ലോകകപ്പ് 2017 മത്സരങ്ങൾ 2017 ഒക്ടോബർ 7 മുതൽ 22 വരെ കൊച്ചിയിൽ ആരംഭിക്കുകയാണ്. ഈ അന്താർദേശീയ മത്സരം ഇന്ത്യയിൽ ആദ്യമായാണ് നടക്കുന്നത്. ഇതിന്റെ പ്രചാരണാർത്ഥം കേരളത്തിലെ സ്കൂളുകൾ 2017 സെപ്റ്റംബർ 27-ാം തീയതി വൈകിട്ട് 3 മണിമുതൽ 7 മണിവരെ ദശലക്ഷം ഗോൾ പ്രോഗ്രാമിൽ പങ്കെടുക്കണമെന്ന്, ഫിഫ അണ്ടർ 17 വേൾഡ് കപ്പിന്റെ നോഡൽ ഓഫീസർ അറിയിച്ചിരിക്കുന്നു. ഇതിന്റെ ഭാഗമായി താഴെ പറയുന്ന കാര്യങ്ങൾ എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർമാർ, പ്രിൻസിപ്പാൾമാർ എന്നിവർ ബന്ധപ്പെട്ട സ്കൂളുകളിൽ നടപ്പാക്കാൻ വേണ്ട നിർദ്ദേശം നൽകേണ്ടതാണ്.

(1) സംസ്ഥാനത്തെ സ്കൂളുകളിൽ ഗോൾപോസ്റ്റ് നിർമ്മിച്ച് 2017 സെപ്റ്റംബർ 27-ാം തിയതി 3 മണി മുതൽ 7 മണിവരെ പരമാവധി ഗോളുകൾ വർഷിക്കേണ്ടതാണ്. ഇതിൽ സ്കൂൾ കുട്ടികൾ, അദ്ധ്യാപകർ, അനദ്ധ്യാപകർ എന്നിവർ പങ്കെടുക്കേണ്ടതാണ്.
(2) ലോകകപ്പുമായി ബന്ധപ്പെട്ട് ബാനറുകൾ പ്രദർശിപ്പിക്കേണ്ടതാണ്.
(3) ക്വിസ് മത്സരം, പോസ്റ്റർ എക്സിബിഷൻ, ഫുട്ബോൾ മത്സരം എന്നിവ സംഘടിപ്പിക്കണം.

എല്ലാ ഡി.ഇ.ഒ. മാരും, എ.ഇ.ഒ.മാരും ടി പരിപാടികൾ സ്കൂളുകളിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, ഗോളുകളുടെ എണ്ണം, പരിപാടികളുടെ ഫോട്ടോ എന്നിവ 28/09/2017 ന് ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

DIRECTORATE OF PUBLIC INSTRUCTION THIRUVANANTHAPURAM

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

Scanned by CamScanner

പുറത്തെഴുത്ത് നം: എച്ച്6/18612/17 തീയ്യതി: 18/09/2017

സർക്കുലറിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കി ആയതിന്റെ റിപ്പോർട്ട് ഫോട്ടോ സഹിതം ഈ കാര്യാലയത്തിൽ 28.09.2017ന് 12 മണിയ്ക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ്. 16.09.2017ന് ഈ കാര്യാലയത്തിൽ നിന്നും നൽകിയ സന്ദേശത്തിലെ വിവരങ്ങൾ കൂടി വിദ്യാലയങ്ങൾക്ക് നൽകേണ്ടതാണ്.

(ഒപ്പ്)

വിദ്യാഭ്യാസ ഉപ ഡയറക്ടർക്കു വേണ്ടി,

//അംഗീകാരത്തോടെ//

സൂപ്രണ്ട്

Scanned by CamScanner